

# ശിൽപിയുടെ വിജയം

• ഉണ്ണികൃഷ്ണൻ കിടങ്ങൂർ

വീരപുരത്തെ രാജാവ് വീരചന്ദ്രനെ ജനങ്ങൾക്കെല്ലാം വളരെ ഇഷ്ടമായിരുന്നു. എന്നാൽ മന്ത്രി ശുക്രകേതുവിനെ ആർക്കും കണ്ടുകൂടാ. അയാൾ അസൂയക്കാരനും മറ്റുള്ളവരുടെ കുറ്റം കണ്ടുപിടിക്കുന്നതിൽ മിടുക്കനുമായിരുന്നു.

മന്ത്രി തീരുമാനിക്കുന്ന കാര്യങ്ങളിലെ ന്യായവും അന്യായവും നോക്കാതെ നടപടിയെടുക്കുന്ന രീതിയാണ് രാജാവിന്റേത്. മന്ത്രിയിൽ അദ്ദേഹം അത്രയേറെ വിശ്വാസം അർപ്പിച്ചിരുന്നു.

അങ്ങനെയിരിക്കെ ശിശുപാലൻ എന്നൊരു ശിൽപി ഒരു പ്രതിമയുമായി രാജാവിനെ കാണാനെത്തി. ''കൊള്ളാം. മനോഹരമായ പ്രതിമ. നമുക്ക് ഇന്നേവരെ ആരും നൽകാത്ത സമ്മാനം!'' പ്രതിമ കണ്ട രാജാവ് സന്തോഷത്താൽ മതിമറന്നു. ''ഹും.. പ്രതിമക്ക് എന്തെങ്കിലും കുറ്റം കണ്ടുപിടിക്കണം. ശിൽപിക്ക് ശിക്ഷയും വാങ്ങിക്കൊടുക്കണം.'' അസൂയക്കാരനായ മന്ത്രി തീരുമാനിച്ചു. ''പ്രഭോ.. ആ സമ്മാനം സ്വീകരിക്കണോ വേണ്ടയോ എന്ന് പ്രതിമ കണ്ട് പരിശോധിച്ച ശേഷം തീരുമാനിക്കാം.'' മന്ത്രി പറഞ്ഞു. ''എങ്കിൽ അതിനുള്ള അവകാശം നാം മന്ത്രിക്ക് നൽകുന്നു.'' മന്ത്രിയുടെ ദുഷ്ടത തിരിച്ചറിയാത്ത ശുദ്ധനായ രാജാവ് പറഞ്ഞു.

മന്ത്രിക്ക് സന്തോഷമായി. 'താൻ കണക്കുകൂട്ടിയതുപോലെ കാര്യങ്ങൾ നടപ്പിലാക്കാം.' അയാൾ ആശ്വസിച്ചു.

''ശിൽപിയോട് വേഗം പ്രതിമയുമായി രാജസദസ്സിൽ എത്താൻ പറയൂ..'' മന്ത്രി ഉത്തരവിട്ടു. ''ആജ്ഞപോലെ പ്രഭോ..'' വൈകാതെ ശിൽപി പ്രതിമയുമായി രാജസദസ്സിലെത്തി.

മണ്ണുകൊണ്ടുള്ള ഒരു കർഷകപ്രതിമയായിരുന്നു അത്. രാജസദസ്സിൽ മന്ത്രിയൊഴിച്ചുള്ളവർക്കെല്ലാം പ്രതിമ ഇഷ്ടമായി. എങ്കിലും മന്ത്രിയുടെ തീരുമാനമാണല്ലോ പ്രധാനം. ''കഷ്ടം. മണ്ണുകൊണ്ടുള്ള ഈ പ്രതിമയാണോ രാജാവിന് സമ്മാനമായി കൊടുക്കുന്നത്? പ്രഭോ, വിലകുറഞ്ഞ ഈ സമ്മാനം അങ്ങ് സ്വീകരിക്കരുതെന്നാണ് എന്റെ അഭിപ്രായം. മാത്രവുമല്ല, രാജാവിന് വിലകുറഞ്ഞ സമ്മാനം നൽകി അപമാനിച്ച ഇയാൾക്ക് തക്ക ശിക്ഷ നൽകാനും വിധിക്കണം.'' മന്ത്രിയുടെ തീരുമാനം തള്ളിക്കളയാൻ രാജാവിന് മനസ്സുവന്നില്ല.

''ശരി.. അതാണ് ശരി. അങ്ങനെയാകട്ടെ.'' രാജാവ് പറഞ്ഞു. ''പാവം ശിൽപിയുടെ കഷ്ടകാലം.'' ആളുകൾ അടക്കം പറഞ്ഞു. പക്ഷേ ബുദ്ധിമാനായ ശിൽപി പതറിയില്ല. തന്റെ ന്യായം രാജാവിനും സദസ്സിലുള്ളവർക്കു മുന്നിലും തെളിയിച്ച് നീതി നേടണം.'' ശിൽപി തീരുമാനിച്ചു.

''മഹാരാജൻ... ശിക്ഷ വിധിക്കുന്നതിനുമുമ്പ് അടിയന് ചില ചോദ്യങ്ങൾ ചോദിക്കാനുണ്ട്. അതിനുള്ള അനുമതി നൽകണം.''

''ശരി.. ചോദിക്കൂ..'' രാജാവ് സമ്മതിച്ചു. ശിൽപി പ്രതിമക്കു നേരെ വിരൽചൂണ്ടി പറഞ്ഞു: ''അത്യധ്വാനവും രോഗവും മൂലം ആരോഗ്യം ക്ഷയിച്ച കർഷകന്റെ ഭാവത്തിനാണ് ഞാൻ ഈ പ്രതിമയിൽ മുൻതൂക്കം നൽകിയത്. ഈ രൂപത്തെ മന്ത്രി വിരൂപനെന്നു പരിഹസിച്ചതിൽനിന്നും സ്നേഹവും സഹതാപവും തീരെയില്ലാത്ത വ്യക്തിയാണ് മന്ത്രിയെന്ന് ഞാൻ മനസ്സിലാക്കുന്നു. ശരിയല്ലേ മഹാരാജൻ?'' ശിൽപിയുടെ ചോദ്യം രാജസദസ്സിൽ മുഴങ്ങി.

''ശരിയാണ്.'' ശിൽപിയുടെ ചോദ്യത്തിന് രാജാവ് തലകുലുക്കി.

''അതുകൊണ്ടുതന്നെ മണ്ണിൽ പണിയെടുക്കുന്ന കർഷകന്റെ പ്രതിമ നിർമിക്കാൻ മണ്ണുതന്നെയാണ് നല്ലതെന്നാണ് അടിയന്റെ അഭിപ്രായം. അതാണ് മണ്ണിൽ പ്രതിമ തീർത്തത്.'' ''അതു ശരിതന്നെ.'' രാജാവും സദസ്സിലുള്ളവരും ശിൽപിയെ അംഗീകരിച്ചു.

അതുകേട്ട് മന്ത്രി തലകുനിച്ച് സദസ്സിൽനിന്നും പുറത്തേക്കിറങ്ങി. കൈ നിറയെ സമ്മാനവുമായി ശിൽപി വീട്ടിലേക്കും മടങ്ങി.

## വലിയ മ്യൂസിയം

ഇന്ത്യയിലെ ഏറ്റവും വലിയ മ്യൂസിയമാണ് ന്യൂഡൽഹിയിലെ നാഷണൽ മ്യൂസിയം. 1949 ആഗസ്റ്റ് 15-നാണ് ഇത് ഉദ്ഘാടനം ചെയ്തത്.

